CCM(24) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 23.12.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 9.30-ന് ബഹു. ഗ്രാമവികസന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.നഗരകാര്യവകുപ്പുമന്ത്രിയും ബഹു. പഞ്ചായത്തു വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2013-14 വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള മൊത്തം നിർവഹണ ചെലവ് 1436 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യുക യുണ്ടായി. ഗ്രാമപഞ്ചായത്തുകൾ 938 കോടി രൂപയും (വികസനഫണ്ട് 648 കോടി രൂപ - 30%), ബ്ലോക്ക് പഞ്ചായത്തുകൾ 180 കോടി രൂപയും (വികസനഫണ്ട് 161 കോടി രൂപ - 48%), ജില്ലാപഞ്ചായത്തുകൾ 196കോടി രൂപയും (വികസനഫണ്ട് 119 കോടി രൂപ), മുനിസിപ്പാലിറ്റികൾ 95 കോടി രൂപയും (വികസനഫണ്ട് 71 കോടി രൂപ), കോർപ്പറേഷനുകൾ 62 കോടി രൂപയും (വികസനഫണ്ട് 53 കോടി രൂപ) ചെലവാക്കിയതായി കാണപ്പെട്ടു. ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ട് ചെലവ് പുരോഗതി കഴിഞ്ഞ സാമ്പത്തിക വർഷം ഡിസംബറിൽ 10.68 ശതമാനമായിരുന്നത് 2013-14-ൽ 30 ശതമാനമായി ഉയർന്നതായും യോഗം നിരീക്ഷിച്ചു. ഓരോ തലത്തിലും ചെലവാക്കിയ തുക ആകെ അലോട്ട്മെന്റിന്റെ ശതമാനമായി ഇനി മുതൽ കാണിക്കേണ്ടതാണെന്നും തലേ വർഷം അതേ തീയതിയിലെ ചെലവിന്റെ ശതമാനവും കാണിക്കേണ്ടതാണെന്നും യോഗം അഭിപ്രായപ്പെട്ടു.

2.2 വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക കണക്കുകളുടെ ഓപ്പണിംഗ് ബാലൻസിൽ തിരുത്തൽ വരുത്തണമെന്ന ആവശ്യം പലപ്പോഴായി ഉന്നയിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ ഇത്തരത്തിലുള്ള ആവശ്യങ്ങൾ ട്രഷറി കണക്കുകളുമായി ഒത്തു നോക്കി പെർഫോർമൻസ് ഓഡിറ്റിംഗ് യൂണിറ്റ് സീനിയർ സൂപ്രണ്ടുമാർ സർട്ടിഫൈ ചെയ്യുന്നത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അംഗീകരിച്ചശേഷം ഒറ്റത്തവണ മാറ്റം വരുത്തുന്നതിന് അനുവദിച്ച് തീരുമാനിച്ചു. ആയതിനുള്ള അവസാന തീയതി 2014 ജനുവരി 15 ആയിരിക്കും. സമാനമായ നിലയിൽ ബ്ലോക്ക് പഞ്ചായത്തുകളുടേത് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറും, മുനിസിപ്പാലിറ്റികളിൽ/മുനിസിപ്പൽ കോർപ്പറേഷനുകളുടേത് മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടറും, ജില്ലാ പഞ്ചായത്തുകളുടേത് പഞ്ചായത്ത് ഡയറക്ടറും സർട്ടിഫൈ ചെയ്ത് നൽകേണ്ടതാണ്.

2.3 കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ പതിവായി പങ്കെടുക്കാത്ത വകുപ്പുകളോട് വിശദീകരണം ആരായുന്നതിന് എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.75926/ഡി.ഡി.2/13/തസ്വഭവ)**

**തീയതി. 23.12.2013**

ഉരുൾപൊട്ടലും കെടുതികളും ഉണ്ടായ സാഹചര്യം കണക്കിലെടുത്ത് 3 മീറ്റർ മുതൽ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകണമെന്ന ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം, ഈ വർഷത്തേക്കു മാത്രമായി നടപ്പിലാക്കാവൂ എന്ന നിബന്ധനയ്ക്കു വിധേയമായി, അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തീയതി.23.12.2013**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികളുടെ ടാർ വില മുൻവർഷങ്ങളിലേതുപോലെ ഇൻവോയ്സ് പ്രകാരം അഡ്വാൻസ് ബില്ല് പാസാക്കി നൽകണമെന്ന കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആവശ്യം അംഗീകരിച്ചു. ട്രഷറികളിൽ നിന്നും ടാർ വില ഇൻവേയ്സിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസായി നൽകുന്നതിന് ട്രഷറി ഡയറക്ടർക്ക് ധനകാര്യ വകുപ്പിൽ നിന്നും നിർദ്ദേശം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 13-ാം ധനകാര്യ കമ്മീഷൻ (ഫയൽ നം.65099/എഫ്.എം.1/13/തസ്വഭവ)**

**തീയതി.23.12.2013**

പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് നിർവഹണം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, അവാർഡ് തുക ലഭിക്കാത്തതിനാൽ ടി പ്രവൃത്തികൾക്ക് ബില്ലുകൾ പ്രകാരം തുക നൽകാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ, ടി പ്രവൃത്തികളുടെ ബില്ലുകൾ വികസനഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും നൽകാനും, ധനകാര്യ കമ്മീഷൻ അവാർഡ് തുക ലഭിക്കുന്ന മുറയ്ക്ക് ചെലവ് ക്രമീകരിക്കാനും 17.10.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ 2.2 ഇനമായി കൈക്കൊണ്ട തീരുമാനം കൃത്യമായി നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പാലക്കാട് ജില്ലാ പഞ്ചായത്ത് (ഫയൽനം. 45197/ഡി.ബി.3/13/തസ്വഭവ)**

**തീയതി.23.12.2013**

മൂർക്കനാട് പാലം നിർമ്മാണത്തിൽ നിശ്ചിത സമയത്ത് ഭൂമി ലഭിക്കാതെ വന്നതുമൂലം ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തിയിൽ വർദ്ധനവുണ്ടായ 88,06,097 രൂപയിൽ Roads and Bridges Development Corporation ന്റെ അക്കൗണ്ടിൽ ശേഷിക്കുന്ന തുകയ്ക്ക് ലഭിച്ച പലിശ തുക കുറവ് ചെയ്ത് ബാക്കി വരുന്ന തുക നൽകാൻ പാലക്കാട് ജില്ലാപഞ്ചായത്തിനെ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 01.01.2014 ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***

**(യോഗം രാവിലെ 10.15ന് അവസാനിച്ചു)**